KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



# നിനദിതം



shutterstock.com • 1168600486

നിനദിതം

# നാം മുന്നോട്ട്.........................






നിനദിതം

# സന്ദേശം



സാങ്കേതിക വിദ്യയോടുള്ള കുട്ടികളുടെ ഇടപ്പെടലുകൾ ഗുണപരമായും മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുന്ന് രീതിയിൽ

ഉപയോഗപ്പെടുത്തുന്നതിനായി കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ

കൈറ്റ് മാതാ എച്ച് എസിൽ നടപ്പിലാക്കി വരുന്നു.ഈ പദ്ധതിയുടെ

ഭാഗമായി ഇ -മാഗസിൻ എന്ന മലയാള മാഗസിൻ

പ്രസിദ്ധീകരിക്കുന്നതിനായി അതിയായി സന്തോഷിക്കുന്നു. മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത കൈറ്റ് അംഗങ്ങൾക്കും ഐടി ക്ലബ്ബ് അംഗങ്ങൾക്കും മറ്റുകുട്ടുകൾക്കും കൈറ്റ് മാസ്റ്റർക്കും കൈറ്റ് മിസ്ട്രസിനും

പ്രത്യക അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ പദ്ധതിയിലൂടെ സാങ്കേതിക വിദ്യയിൽ അറിവും പ്രാവണ്യവുമുള്ള പുത്തൻ തലമുറയെ

വാർത്തെടുക്കാൻ സഹായിക്കണമെന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

എച്ച് എം

ആനീസ് പി സി

# നിനദിതം

ജീവിതമെന്ന മരുഭൂമിയിൽ ദാഹജലമേകുന്ന നീർച്ചാലാണ് വിദ്യാഭ്യാസം. ആ വിദ്യാഭ്യാസത്തെ ഒരു സ്ഥലത്തുതന്നെ കെട്ടിനിർത്താതെ നദിപ്പോലെ ഒഴുകാൻ അനുവദിക്കണം. കുട്ടികളാകുന്ന കല്ലുകളെ മിനുക്കി വെള്ളാരം കല്ലുകളാക്കാൻ വിദ്യാഭ്യാസമാകുന്ന നദിക്ക് സാധിക്കുന്നു.

സങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായിട്ടാണ് ഈ മാഗസിൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതിൽ കുട്ടികളുടെ സർഗാത്മകകഴിവുകൾ ഉൾപ്പെട്ടിരിക്കുന്ന. ചിത്രരചനകൾ,കവിതകൾ,ചെറുകഥകൾ,ലേഖനങ്ങൾ തുടങ്ങിയവ ഏതാനും ഉദാഹരണങ്ങൾ മാത്രം.

നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്താൻ ഈ മാഗസിൻ വളരെ സഹായകരമാണ്.ഈ മാഗസിനിലൂടെ സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തി എടുക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണ് ഞങ്ങളെ ഇതിലേക്ക് മുന്നിട്ടിറക്കിയത്.

കുട്ടികളിലുള്ള സാങ്കേതികവും സർഗാത്മകവുമായ കഴിവുകളെ തട്ടിയുണർത്തി പരിപോഷിപ്പിച്ച് മറ്റുള്ളവർക്ക് ഗുണപരമായി മാറ്റിയെടുക്കാൻ ഈമാഗസിന് സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

-

നിനദിതം

താളുകൾ

# ഉള്ളടക്കം


ചരിത്രം 8-21

മികവുകൾ 22-23

കുരങ്ങൻ 24

സൗഹൃദം 25

ദുഃഖം 26

എൻ അനുജൻ 27

ഗുരു 28

നിലാവ് 29

എന്റെ കാനന യാത്ര 30-31

സാഗരം 32-33

അണിയറയിൽ 34-35

കണ്ണുവേണമിരുപുറമെപ്പോഴും 36

നീർമിഴിമുത്ത് 37-38

അമ്മതൻ സാന്ത്വനം 39-40

മടിയൻ 41-43

കാർട്ടൂൺ 44

നമ്മുടെ കുട്ടികൾ അതിവേഗമാണോ-
വളരുന്നത് ? 45-49

കടപ്പാട് 50

നന്ദി 51

# നിനദിതം



# ചരിത്രം







1935 ലെ സ്കൂളിന്റെ ചിത്രം





**പഴയ സ്കൂൾപൊളിക്കുന്നതിനു മുൻപ്**



1965 **ബാച്ചിന്റെ ഗ്രൂപ്പ്**

**ഫോട്ടോ**






**സ്കൂളിന്റെ രണ്ടാമത്തെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ.കുഞ്ഞികണ്ടൻ മാഷ്**



സ്കൂളിന്റെ ആദ്യ കാല എംബ്ളം

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ മണ്ണംപേട്ട എന്ന കൊച്ചുകാർഷികമേഖലയിൽ സ്ഥിതിചെയ്യുന്ന മാത ഹൈസ്കൂൾ പതിറ്റാണ്ടുകളായി നാടിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രകാശഗോപുരമായി, ശിരസ്സുയർത്തി,പരിഷ്കാരത്തിൻ പുത്തൻ പരിവേഷമണിഞ്ഞ് നിലകൊള്ളുന്നു-അതിരുകളില്ലാത്ത വിജ്ഞാനവിസ്ഫോടനത്തിലേക്ക് ഓരോ കുട്ടിയേയും കൈപിടിച്ചുയർത്തിക്കൊണ്ട്.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമേഖലയിൽ തൊഴിൽ അന്വേഷിക്കുന്ന അനേകം തലമുറകളെ വാർത്തെടുത്തുകൊണ്ട് നാടിന്റെ മുഖഛായ മാറ്റുന്നതിൽ സുപ്രധാന പങ്കുവഹിച്ച സരസ്വതീക്ഷേത്രമാണ് മണ്ണംപേട്ട പരിശുദ്ധ അമലോത്ഭവമാതാവിൻ പള്ളിയോടു ചേർന്നുള്ള ഈ പള്ളിക്കൂടം . ജാതിമതവർഗ്ഗവർണ്ണവ്യത്യാസമില്ലാതെ, കക്ഷിരാഷ്ട്രീയഭേദമില്ലതെ, സമ്പന്നനെന്നോ ദരിദ്രനെന്നോ എന്ന വിഭാഗീയചിന്തകളില്ലാതെ മനവസംസ്കാരത്തിൻെറയും സമത്വത്തിൻെറയും ചിന്തകളിലധിഷ്ഠിതമായ അറിവുകളും തിരിച്ചറിവുകളും പ്രദാനം ചെയ്യുന്നതിൽ ദത്തശ്രദ്ധരാണ് സ്കൂൾ മാനേജ്മെൻറും സ്റ്റാഫും. 1142 വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്. 51 അധ്യാപകരും 5 അനധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. LP

**വിഭാഗത്തിൽ** 11 **ഡിവിഷനുകളിലായി** 282 **വിദ്യാർത്ഥികളും**,UP **വിഭാഗത്തിൽ** 10 **ഡിവിഷനുകളിലായി** 291 **വിദ്യാർത്ഥികളും**,,HS **വിഭാഗത്തിൽ** 17 **ഡിവിഷനുകളിലായി** 569 **വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കാലമെത്ര കയ്പ്പുകർന്നാലും ഓർമ്മകളെത്ര കുത്തിനോവിച്ചാലും വാക്കുകളെത്ര ചാട്ടവാറടിച്ചാലും പിന്നെയും പിന്നെയും നാം കൊതിക്കുന്നത് സ്വപ്നങ്ങൾ പൂക്കുന്ന നാളെകളെയാണ് .ഓരോ വ്യക്തിയേയും സ്വപ്നം കാണാൻ പഠിപ്പിച്ച വിദ്യാലയ ജീവിതം അവിസ്മരണീയമാക്കുന്ന പരിശുദ്ധ അമ്മയുടെ നാമധേയത്തിലുള്ള മാതാ സ്കൂൾ.**

**ഉള്ളടക്കം**


- മാനേജ് മെന്റ്
- മുൻ സാരഥികൾ
- പ്രശസ്തരായ പൂർവ വിദ്യാർത്ഥികൾ


## മാനേജ്മെന്റ്

വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത് **തൃശ്ശൂരിലെ അതിരൂപതയുടെ കീഴിലുള്ള കോർപ്പറേറ്റ് മാനേജ്മെൻറാണ്.** നിലവിൽ 67 വിദ്യാലയങ്ങൾ ഈ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. റവ.ഫാ.സെബി പുത്തൂരാണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ.റവ.ഫാ.ആന്റണി ചെമ്പകശ്ശേരി കോർപ്പറേറ്റ് മാനേജരുമാണ്.സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ ദത്തശ്രദ്ധരാണ് ഇരുവരും.

## മുൻ സാരഥികൾ

സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകർ.

| | |
|---|---|
| 1935 - 1940 | ശ്രീ കൃഷ്ണൻകുട്ടി മേനോൻ |
| 1940- 1973 | ശ്രീ കുഞ്ഞികണ്ടൻ മാഷ് |
| 1973- 83 | എം.എൽ ആൻറണി |
| 1983 - 89 | ടി. ജെ. ജോസ് |
| 1990 - 93 | എം. എൽ. ജോസ് |
| 1994- 96 | പി. വി. ജോസ് |
| 1997- 99 | കെ. പി. ജോർജ്ജ് |
| 2000 | കെ. ആർ. വർഗ്ഗീസ് |
| 2001 - 02 | ഹെൻറി ജോർജ്ജ് |
| 2003 - 04 | ലിസ്സി ലാസർ കെ. |
| 2005- 07 | എ. ടി. സണ്ണി |
| ഏപ്രിൽ 2007- ഏപ്രിൽ 2010 | സി. വി. ഡെയ്സി |
| ജൂൺ 2010- 2011 ഡിസംബർ | സി.ആർ മാത്യു |
| 2012 ഫെബ്രുവരി - മാർച്ച് 2014 | ലീന എ.ഒ |
| 2014 മുതൽ | ആനീസ് പി.സി |

## പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ

- 1.**ശ്രീ.ടി. ഉണ്ണികൃഷ്ണൻ**

പ്രൊഫ. ഡോ. ടി. ഉണ്ണികൃഷ്ണൻ പ്രശസ്ത ഗായകനും അന്താരാഷ്ട്രതലത്തിൽ

പ്രശസ്തമായ ശബ്ദ പരിശീലകനുമാണ്. ഒരു റിസർച്ചർ, അഡ്മിനിസ്ട്രേറ്റർ, പെർഫോമർ എന്നീ ബഹുമുഖ വ്യക്തിത്വങ്ങളാണ് അദ്ദേഹം. വോയ്സ് മോഡുലേഷനിൽ അദ്ദേഹം വളരെ ആഴത്തിലുള്ള പഠനവും ഗവേഷണവും നടത്തിയിട്ടുണ്ട്, ശബ്ദത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് അനേകം സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തു. ഗായകരെ കൂടുതൽ ശ്രേണിയും, വഴക്കമുള്ള ശബ്ദവും തയ്യാറാക്കുന്നതിനായി നിരവധി അപൂർവ്വമായ സാങ്കേതികവിദ്യകളും വ്യായാമങ്ങളും അദ്ദേഹം വികസിപ്പിച്ചെടുത്തിട്ടുണ്ട്. വോട്ട് സംബന്ധിച്ചുള്ള പ്രഭാഷണങ്ങൾ നടത്തി ഓടോളാരിയോളജി അസോസിയേഷനുകളുടേയും എന്റർ ഡിപ്പാർട്ടുമെൻറുകളുടേയും സെമിനാറുകളിലും സ്ഥിരം ശബ്ദ ഡിസോർഡേഴ്സിനായി സ്വാഭാവിക രോഗത്തിനുള്ള വഴികൾക്കും അദ്ദേഹം പതിവായി ക്ഷണിച്ചിട്ടുണ്ട്.

- 2. **ശ്രീ.ഷാജി നെല്ലായി** -ആർട്ടിസ്റ്റ്,എഴുത്തുക്കാരൻ
- 3. **ശ്രീ.ശിവദാസൻ.പി** -NCTE യിൽ സാങ്കേതിക വിദഗ്ദനായി പ്രവർത്തിക്കുന്നു.(NATIONAL COUNCIL FOR TEACHER EDUCATION)

ശ്രീ.ടി. ഉണ്ണികൃഷ്ണൻ

ശ്രീ.ശിവദാസൻ.പി

| | |
|---|---|
| **സ്ഥാപിതം** | 01-06-1933 |
| **സ്കൂൾ കോഡ്** | 22071 |
| **ഹയർ സെക്കന്ററി സ്കൂൾ കോഡ്** | |
| **സ്ഥലം** | മണ്ണംപേട്ട |
| **സ്കൂൾ വിലാസം** | വരാക്കര പി.ഒ., തൃശ്ശൂർ |
| **പിൻ കോഡ്** | 680302 |
| **സ്കൂൾ ഫോൺ** | 04802752320 |
| **സ്കൂൾ ഇമെയിൽ** | mathahsmannampetta@gmail.com |
| **സ്കൂൾ വെബ് സൈറ്റ്** | https://www.facebook.com/mathahs.mannampetta |
| **വിദ്യാഭ്യാസ ജില്ല** | തൃശ്ശൂർ |
| **റവന്യൂ ജില്ല** | തൃശ്ശൂർ |
| **ഉപ ജില്ല** | ചേർപ്പ് |
| **ഭരണ വിഭാഗം** | സർക്കാർ |
| **സ്കൂൾ വിഭാഗം** | പൊതു വിദ്യാലയം |
| **പഠന വിഭാഗങ്ങൾ** | ഹൈസ്കൂൾ<br>അപ്പർ പ്രൈമറി<br>ലോവർ പ്രൈമറി |
| **മാധ്യമം** | മലയാളം,ENGLISH |
| **ആൺ കുട്ടികളുടെ എണ്ണം** | 612 |

നിനദിതം

| | |
|---|---|
| **പെൺ കുട്ടികളുടെ എണ്ണം** | 530 |
| **വിദ്യാർത്ഥികളുടെ എണ്ണം** | 1142 |
| **അദ്ധ്യാപകരുടെ എണ്ണം** | 51 |
| **പ്രിൻസിപ്പൽ** | |
| **പ്രധാന അദ്ധ്യാപകൻ / പ്രധാന അദ്ധ്യാപിക** | ശ്രീമതി.ആനീസ് പി.സി |
| **പി.ടി.ഏ. പ്രസിഡണ്ട്** | ശ്രീ.ജോബി വഞ്ചിപ്പുര |

## ഉള്ളടക്കം


- 1 ലിറ്റിൽകൈറ്റ്സ്
- 2 ലിറ്റിൽ കൈറ്റ്സ് കമ്മറ്റി
- 3 ലിറ്റിൽ കൈറ്റ്സ് 2018 ലെ കുട്ടികളുടെ ലിസ്റ്റ്
- 4 ലിറ്റിൽ കൈറ്റ്സ് - സ്കൂൾ തല പരിശീലന റിപ്പോർട്ട്


## ലിറ്റിൽകൈറ്റ്സ്

ലിറ്റിൽകൈറ്റ്സ് മാതാ ഹൈസ്കൂളിൽ(Unit No:LK/2018/22071) 2018 ജനുവരി മാസത്തിൽ നടത്തി വിജയകളായ 27 പേർക്ക് ലിറ്റിൽ കെറ്റ്സിൽ അംഗത്വം

നൽകി.ഐ ടി ക്ലബിന്റെ ഭാഗമായി നടത്തിയ പരിശീലന ക്ലാസുകിൽ ലിറ്റിൽ കെറ്റ് അംഗങ്ങളും പങ്കെടുത്തു. മലയാളം ടൈപ്പിങ്ങ് അനിമേഷൻ,ഇലകട്രോണിക്ക്,ഹാർഡ് വെയർ,ഡിജിറ്റൽ പെയിൻറിങ്ങ് ,മുതലായവായവയിൽ ആഴ്ചയിൽ രണ്ടുദവസം വീതം വൈകിട്ട് 4 മുതൽ 4.45 വരെ ഫ്രാൻസിസ് മാസ്റ്ററുടെയും പ്രൻസിടീച്ചറുടേയും നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ലീഡർമാരുടെ സഹകരണത്തോടുകൂടി വളരെ ഭംഗിയായി അടുക്കും ചിട്ടയോടും കൂടെപരീശ്ശലനം നടത്തിവരുന്നു.2018-19 അധ്യയനവർഷത്തിൽ ജൂൺ മാസത്തിലെ പരിശീലനക്ലസിനുശേഷം എല്ലാ ബുധനാഴ്ചയും കൈറ്റ് മാസ്റ്ററും കൈറ്റ് മിസ്ട്രസ്സും അവർക്ക് ക്ലാസ്സുകൾ നൽകുന്നു. തുടർന്നും ആഴ്ചയിൽ രണ്ടു ദിവസം അവർ പരിശീലനം നൽകുന്നു. റ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ 2018 ജൂലൈ നാലിന് ആരംഭിച്ചു. ഗ്രാഫിക്സ് & അനിമേഷനിലാണ് ആദ്യ അഞ്ച് ആഴ്ചകളിലെ പരിശീലനം നടക്കുക. ടുപ്പീ ട എന്ന സ്വതന്ത്ര 2 ഡി അനിമേഷൻ സോഫ്റ്റ്‌വെയറിലാണ് ആദ്യഘട്ട പരിശീലനം . ഗ്രാഫിക്സ് എഡിറ്റിംഗിനായി ജിമ്പും ഇൻക് സ്കേപ്പും പരിശീലിപ്പിക്കുന്നു. അനിമേഷൻ സിനിമകൾ പരിചയപ്പെടുത്തുക, സ്റ്റോറി ബോർഡ് തയ്യാറാക്കുക., ഇവയാണ് ഒന്നാമത്തെ മൊഡ്യൂളിൽ പരിചയപ്പെട്ടത്. രണ്ടാം മൊഡ്യൂളിൽ Tupi ൽ ലളിതമായ അനിമേഷൻ നിർമ്മിക്കുന്ന വിധം പരിശീലിച്ചു. ടീനിംഗ് സങ്കേതം ഇതോടൊപ്പം പരിചയപ്പെട്ടു. പശ്ചാത്തലചിത്രം ചലിപ്പിച്ചുകൊണ്ട് അനിമേഷൻ നൽകുന്നതും റൊട്ടേഷൻ ടീനിംഗും മൂന്നാം മൊഡ്യൂളിൽ വിനിമയം ചെയ്തു. നാലാം

മൊഡ്യൂളിൽ ജിമ്പുപയോഗിച്ച് പശ്ചാത്തല ചിത്രം തയ്യാറാക്കാനും അഞ്ചിൽ ഇങ്ക്സ്കേപ്പിൽ കഥാപാത്രങ്ങളെ വരയ്ക്കാനും പരിശീലിച്ചു.

## ലിറ്റിൽ കൈറ്റ്സ് കമ്മറ്റി

ചെയർമാൻ - ശ്രീ ജോബി വഞ്ചിപ്പുര (പി.റ്റി.എ. പ്രസിഡന്റ്)

കൺവീനർ - ശ്രീമതി ആനീസ് പി.സി(ഹെഡ്മിസ്ട്രസ്)

വൈസ് ചെയർമാൻമാർ - ശ്രീ ഉണ്ണിമോൻ കെ (പി.റ്റി.എ. വൈസ് പ്രസിഡണ്ട്), ശ്രീമതി ശ്രീവിദ്യ ജയൻ (എം. പി.റ്റി.എ. പ്രസിഡന്റ്) ജോയിന്റ് കൺവീനർമാർ - ശ്രീ ഫ്രാൻസിസ് തോമസ്(കൈറ്റ് മാസ്റ്റർ,എസ്. ഐ. റ്റി. സി.), ശ്രീമതി. പ്രിൻസി എ.ജെ.(കൈറ്റ് മിസ്ട്രസ്സ്)

ആയിരത്തിനുമേൽ പുസ്തകങ്ങളോടുകൂടിയാണ് വായനശാലാ പ്രവർത്തനങ്ങൾ ആരംഭിച്ചത്. LP, UP, HS വിഭാഗത്തിൽ കുട്ടികൾക്ക് വ്യക്തിപരമായി വായിക്കാൻ പുസ്തകം നൽകുന്നു. ഭാഷാ അധ്യാപകർ ലൈബ്രറി പിരീഡുകളിൽ കുട്ടികളെ വായനശാലയിൽ കൊണ്ടുവന്ന് വായനയെ പ്രോത്സാഹിപ്പിക്കുന്നു. സ്കൂളിന് പുറത്ത് മൽസരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന കുട്ടികൾ അവശ്യം വേണ്ട റഫറൻസ് പുസ്തകങ്ങൾ മുൻകൂട്ടിയെടുത്ത് പഠിച്ച് ഒരുങ്ങുന്നു.എടുത്തു സൂചിപ്പിക്കേണ്ട മറ്റൊന്ന് സ്കൂൾ ലൈബ്രററി വിപുലീകരിക്കാൻ മുപ്പതിനായിരം

ത്രുപയോളം വരുന്ന പുസ്തകം നൽകിയ ശ്രീ. സുഭാഷ് ഏറാടത്തിന്റെ (പൂർവ്വ വിദ്ധ്യാർത്ഥി) നല്ല മനസ്സാണ്. കുട്ടികളുടെ സ്വന്തം സൃഷ്ടിയായ **ലൂമിന** എന്ന ഒരു ബയോളജി സിഡി പുറത്തിറക്കി. 200 സിഡി കളോടൊപ്പം കുട്ടികൾ ഉണ്ടാക്കിയ ഈ സിഡിയും ഡിജിറ്റൽ ഗ്രന്ഥശാലക്ക് ഒരു മുതൽക്കൂട്ടാണ്.

സ്കൂൾ ലൈബ്രററി

Lumina ബയോളജി സിഡി

**2012-13** ഈ വർഷം scouts and guides ൽ രാജപുരസ്കാർ അവാർഡ് ലഭിച്ച വിദ്യാർത്ഥികളാണ് ശ്രീകാന്ത് എം. എസ്, സെയന്റ്സൺ പി.എ , ആബൂൺ ആന്റണി മഞ്ഞളി , അമൽ ജോൺസൺ , ജിൽജോ സി. ജോസ് ,വിഷയ വി.ടി.
**2013-14** ഈ വർഷം 17 വിദ്യാർത്ഥികൾക്ക് രാജ്യപുരസ്കാർ അവാർഡ് ലഭിച്ചു.
**2014-15** സ്കൗട്ട് ആന്റ് ഗൈഡ് ഹൃദ്യ കെ. ആർ, ലക്ഷ്മി സത്യൻ, ജെയിൻ മേരി ജോർജ്, ഫെനീറ്റ പോൾസൺ, അക്ഷയ ടി. എസ്, ശ്രീഹരി പി എന്നീ വിദ്യാർത്ഥികൾ രാജ്യപുരസ്കാർ ലഭിച്ചവരാണ്. **2015-16** ൽ സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റിൽ ജ്യോതി ലക്ഷമി, ഷിഫാന കെ.ജെ, രുദ്ര കെ.ഡി എന്നിങ്ങനെ 6 ഗൈഡ്സും അജൽ ദേവ് എ.ഡി, അർജ്ജുൻ കൃഷ്ണ കെ.ആർ, ആദർശ് ജോസ് എൻ,ആദിത്യൻ ടി.എസ്, മിഥുൻ കെ.എസ്, ജോവൽ ആന്റണി, അക്ഷയ് ഷാജു എന്നീ 7 സ്കൗട്ടുകളും രാജ്യപുരസ്കാർ അവാർഡിന് അർഹരായി.

രാഷ്ട്രപതി പരീക്ഷയ്ക്ക് 14 ഗൈഡ്സ് തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. **2016-17** ലെ guides രാജ്യപുരസ്കാരത്തിന് അശ്വതി T.R,ആര്യ കൃഷ്ണ K, അർച്ചന വിനോദ്, അരുൾ ജ്യോതി, മേഘ T.R അനുപമ R.S, അരുണിമ V.A, ഹിമി ലാജു K നന്ദമന പി നായർ, ആഗനസ് M.S അന്ന റോസ് K.F, രാഖി K.K, അഞ്ജലി T .S,അയോഗ്യ T.A 2017-18 ൽ ജ്യോത്സന K.S, ആതിര ഷിബു , സാന്ദ്ര P.S, സുലുT.S എന്നീ വിദ്യർത്ഥികളും അർഹരായി. സ്കൗട്ട് രാജ്യപുരസ്കാർ അവാർഡിന് കൃഷ്ണപ്രസാദ്T.R ,അയ്യപ്പദാസ്N.R , ആൽഫിൻ ഔസേപ്പ്, അഭിനവ് V.b , ആഷിക് K.S, ഷിധിൻ N.S, ശ്രീജേഷ്K,ദേവസൂര്യ, ജോബീഷ്,അമൽ ക്രിസറ്റോ സണ്ണി, ആദിത്ത്,v. സത്യൻ എന്നീ വിദ്യർത്തികൾക്കും **20017-18** ലെ scout രാജ്യ പുരസ്കാരഅവാർഡിന് അഭിനവ് k.k ,ഹേമന്ത് കൃഷ്ണ A.B യും അർഹരായി.20017-18 ലെscot രാഷ്ട്രപതി അവാർഡിന് ആഷിക്ക് ജോസും അർഹനായി. **സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റ് ഏറ്റവും നല്ല രീതിയിൽ തന്നെ ഈ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.**

- 27/8/16 ൽ റെഡ് ക്രോസ് സംഘടന രൂപികരിച്ചു. റെഡ് ക്രോസിന്റെ പ്രധാന്യത്തെക്കുറിച്ചും ഫസ്റ്റ് എയ്ഡിനെകുറിച്ചും കുട്ടികളെ ബോധവൽക്കരണം നടത്തി. ഇപ്പോൾ ആകെ 16 അംഗങ്ങൾ ഉണ്ട്.

ജൂൺ-19 വായനാദിനത്തോടനുബന്ധിച്ച് വായനാവാരം ഉദ്ഘാടനവും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവും അളഗപ്പനഗർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഭാഗ്യവതി ചന്ദ്രൻ നിർവ്വഹിച്ചു. വിശിഷ്ടാതിഥികളായെത്തിയ കത്രീന, കൊച്ചു ത്രേസ്യ, മറിയാമ്മ എന്നീ മുത്തശ്ശിമാർ സ്കൂൾ അസംബ്ലിയിൽ വിവിധ പത്രങ്ങൾ വായിക്കുകയും അവരുടെ പള്ളിക്കൂടനുഭവങ്ങൾ, വായനാനുഭവങ്ങൾ എന്നിവ വിദ്യാർത്ഥികളുമായി പങ്കുവെക്കുകയും ചെയ്തത് അവിസ്മരണീയ അനുഭവമായിത്തീർന്നു. ചേർപ്പ് ഉപജില്ല വിദ്യാരംഗംകലാസാഹിത്യവേദിയുടെ കലാമത്സരത്തിൽ ഹൈസ്കൂൾ വിഭാഗം നാടൻപാട്ട് ഒന്നാം സ്ഥാനം ലഭിച്ചു. LP വിഭാഗത്തിൽ കഥാകഥനം 3rdA grade ലഭിച്ചു. കുട്ടികളുടെ സ്വന്തം സൃഷ്ടിയായ **മചർചിക** എന്ന ഒരു ക്ലാസ്സ് പത്രം ആരംഭിച്ചു.

## സ്കൂൾ വിക്കി

ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ വിക്കി അംഗീകാരം നേടിയ മാതാ സ്കൂൾ ടീം GG HS മലപ്പുറത്തു വെച്ച് ബഹു മാനപ്പെട്ടവിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. സംസ്ഥാന തലത്തിൽ തന്നെ സ്കൂളിന്റെ യശസ്സ് ഉയർത്തിയ അഭിമാന മുഹൂർത്തമായിരുന്നു അത്. ജില്ലയിൽ ഒന്നാം സ്ഥാനം എന്നതിനേക്കാളുപരി സംസ്ഥാന തലത്തിൽ 800 ൽ അധികം സ്കൂളുകളിൽ നിന്നും നാലാം സ്ഥാനത്തിന് അർഹമായി എന്നതായിരുന്നു ഏറെ

ശ്രദ്ധേയമായത്.





# മികവുകൾ


MATHA H.S. MANNAMPETTA
SSLC പരീക്ഷയിൽ FULL A+ നേടിയവർ
RITHUL P RAKHESH
ADARSH REMESH
JEON SHAJAN
JOACHIM ANTONY
JOSE GEORGE
DITTY DENNY
SHIFANA K.J.
SHIYA DAVIS
ALTEENA BABY
ASHMI JOSE
JYOTHILAKSHMI A.S.
ROSEMARIA M VARGHESE
DARSHANA P.T.
HANNA JOJU
NANDANA N.S.
SARANYA RAJESH
അഭിനന്ദനങ്ങൾ
ആശംസകളോടെ..
മാനേജ്മെന്റ്, പി.ടി.എ. & സ്റ്റാഫ്








2018-9-29 10:20











# നിനദിതം





















# കുരങ്ങൻ

കാട്ടുമരത്തിൻ ചില്ലകൾ തോറും
കയറാം മറിയാം ചാടാം
വാലാൽച്ചില്ലത്തുമ്പിൽ ചുറ്റി–
കിടന്നൊന്നാടാം.
കായികവിദ്യകൾ ഇങ്ങനെ
പലതും
കാട്ടും ഞാൻ പുകൾ നേടും.
വാലിത്താവർ നിങ്ങൾ
എറിഞ്ഞാൽ
**വാൽപ്പൊക്കി കൊണ്ടോടും..**



# സൗഹൃദം



www.shutterstock.com • 153451400

ഒരുനാൾ ഞാൻ കണ്ടുമുട്ടി
എൻ തോഴിയെ
സൗഹൃദത്തിൻ താഴ്വരയിൽ
കണ്ടുമുട്ടിയ ആ നിമിഷം
ആ താഴ്വരയിൽ വിരിഞ്ഞു
സൗഹൃദത്തിൻ പൂക്കൾ
പൂക്കൾ ഞങ്ങളെ നോക്കി
പുഞ്ചിരിച്ച ആ സമയം
ഞങ്ങൾ രണ്ടു വർണ്ണശലഭങ്ങളായ്
തേൻ നുകർന്നു സന്തോഷത്തോടെ
സൗഹൃദം എന്ന പൂ
**ഞങ്ങളെ ഒന്നാക്കി.**

# ദുഃഖം


www.shutterstock.com • 219729028

ദുഃഖം എല്ലായ്പ്പോഴും
നമ്മുടെ കൂടെയുണ്ട്
ദുഃഖം വരുമ്പോൾ
എൻ മുഖമൊന്നു മങ്ങുന്നു
ദുഃഖിക്കുന്ന സമയം
കണ്ണിൽ നിന്നൊഴുകുന്ന–
കണ്ണീർത്തുള്ളികൾ
അതൊഴുകിയൊഴുകി ഭൂമിയിൽ
പതിക്കുന്ന നേരം
എന്തിനു നീ ദുഃഖിക്കുന്നു
എന്നു ഭൂമിയൊന്നു ചോദിച്ചപ്പോൾ
എന്നിൽ നിന്നകന്നുയെൻ
**ദുഃഖം.**

# എൻ അനുജൻ

കണ്ണു തുറന്നു ഞാൻ നോക്കിടുമ്പോൾ
എൻ പൊന്നനുജനുണ്ടെന്നരികിൽ
വൈകാതെ കണ്ണുതിരുമ്മിയെഴുന്നേറ്റു
വരുന്നുണ്ടവനുമുണ്ടെന്നരികിൽ
ഞാനിന്ന് പോവില്ല വിദ്യാലയത്തി
ലേക്കെന്നവൻ ശാഠ്യം പിടിച്ചിടുന്നു
പുസതകക്കെട്ടുമായ് ആദ്യമിറങ്ങുന്നു
പാവമെൻ അനുജൻ
പഠിച്ചും കളിച്ചും രസിച്ചും നടകുമെൻ
**പാവമനുജൻ......**



# ഗുരു



ദൈവത്തിൻ മധുരമാം നാമം
എൻ പിഞ്ചുകാതുകളിൽ ചൊല്ലിക്കേൾപ്പിച്ച
സ്നേഹത്തിൻ കരങ്ങളാൽ
അറിവിൻെ്റ വാതായനമേകി
അറിവിൻെ്റ അഗ്നിയായ്
സ്നേഹത്തിൻ തേജസ്സായ്
അജ്ഞതയാം അന്ധകാരമകറ്റി
വിശ്വജ്ഞാനത്തിൻ വെളിച്ചമേകി
വിദ്യാലയമാം സരസ്വതീക്ഷേത്രത്തിൽ
കലാലയ ജീവിതത്തിൽ നാളുകൾ
പങ്കുവെയ്പിൻ അനുഭവമായ
സുഹൃത്തുക്കളാം എൻസോദരൻ
ഉള്ളം കൈയിലെന്നെ താങ്ങിയവൻ
അറിവിൻെ്റ വഴിയേ നയിച്ചവൻ
ആ നല്ല ഗുരുവേ
**നിനക്കു പ്രണാമം**

# നിലാവ്

*കുങ്കമമണിഞ്ഞു സൂര്യൻമറഞ്ഞു രാത്രിയെ*
*പുണർന്നുറങ്ങി ഭൂമി വെള്ളപ്പട്ടുപോലെ*
*നിലാവുമെത്തി എന്തേ നീ വന്നീലയെൻ കിനാവേ*
*എത്രനാളായ് കാത്തിരിപ്പൂ ഓണനിലാവേ നിന്നെ*
*കാണാൻ കുങ്കുമമണിഞ്ഞു*
*സൂര്യനെത്തി  വെള്ളി–*
*–ഷാവാടയായ് നിലാവ്*
*മാഞ്ഞു*
*നിലാവേ നീ മായല്ലേ...............*
***കിനാവിൽ നീ***
***തലോടില്ലേ.....................***



www.shutterstock.com • 467989079

# എന്റെ കാനന യാത്ര



www.shutterstock.com • 312350666

കാനനഭംഗി കാണുവാനായ്
അച്ഛൻതൻ കൈകൾപിടിച്ച-
ഞാൻ ഇറങ്ങി
വഴിയോരങ്ങളിൽ ഒളിച്ച-
കാനനഭംഗി കണ്ടു  ഞാൻ
നീങ്ങി
നടന്നു,നടന്നു ഞാൻ
കാനന മധ്യത്തിലെത്തിയപ്പോൾ-
പൊട്ടിച്ചിരിച്ചൊഴുകുന്ന പുഴയെ-
ഞാൻ കണ്ടു
പുഴയിൽ വീണ കാട്ടുവള്ളികളിൽ
നീലചായം പൂശിയ നീലപൊന്മതൻ
ഇരിപ്പുകണ്ട്, പുഴതൻ അടിതട്ടിൽ
ഒളിച്ചിരിക്കുന്ന മീൻക്കൂട്ടത്തെ-
ഞാൻ കണ്ടു
ആ നേരം ഒരു കള്ളചിരിയോടെ-
ഓടിവരുന്ന കുളിർക്കാറ്റ്
കുളിരു  ചൊരിഞ്ഞതു-
ഞാൻ അറിഞ്ഞു

## നിനദിതം

പുഴയെ തലോടി ആകുളിർകാറ്റ-
അകലേക്ക നീങ്ങി
പുഴയോരത്തു ചാഞ്ഞു-
കിടക്കുന്ന മരമുത്തച്ഛൻ

ഇതു കണ്ടു ചിരിക്കുന്നതു-
ഞാൻ കണ്ടു
കാട്ടുവള്ളിയിൽ പൊതിഞ്ഞ-
മരത്തിൽ നിന്നു ഞാൻ കിളികൾ-
തൻ മധുരനാദം കേട്ടു
കാറ്റിൽ പൊഴിയുന്ന ഇലകൾ-
പുഴയുടെ മാറത്തു വീണ്
ഒരു ഉല്ലാസ യാത്രയായ് പോകുന്നതു-
ഞാൻ കണ്ടു
വനത്തിനിടയിലൂടെയെൻ നഗ്ന-
പാദങ്ങൾ വെക്കുമ്പോൾ
അറിയാതെ ഞാൻ വീണുപോയി
***ആ കാനനഭംഗിയിൽ***




www.shutterstock.com • 243236503

# സാഗരം



സന്ധ്യയാം നേരങ്ങളിൽ
നടന്നു ഞാൻ കടലിൻ–
അരികിലെത്തി
അകലെ നിന്നു
തമ്മിലടിച്ചുവരുന്ന–
തിരമാലയെ ഞാൻ കണ്ടു.
ഓടിവരുന്ന തിരമാല
എൻ അരികിലെത്തിയ നിമിഷം
ശാന്തമായെൻ പാദങ്ങളിൽ –
സ്പർശിച്ചു അകലേക്കു നീങ്ങി
തിരമാല തൻ കൈപിടിച്ചു –
ആഴങ്ങളിലെത്തിയെന്നെനിക്കു –
തോന്നി
കടലിൽ ഒന്നു അന്തി യുറങ്ങുവാനായ് –
ചെമ്പരത്തിപ്പൂവിൻ നിറ മണിഞ്ഞു
കാത്തിരിക്കുന്ന സൂര്യനെ –
ഞാൻ കണ്ടു
കടലിൽ ഒരു കുഞ്ഞു തോണിയിൽ –
കയറി സഞ്ചരിക്കുവാൻ
എന്നുള്ളം തുടിച്ചു
മണൽപ്പരപ്പിലെ സ്വർണതരികളിൽ –
എൻ പാദങ്ങൾ വച്ചു ഞാൻ

## നിനദിതം

കടലിൽ നിന്നും അകലേക്ക നീങ്ങിയ –

നേരം
തിരികെ വരുവാൻ തിരമാല –
ചൊല്ലിയെന്നോട്
തിരികെപോകുവാൻ  കഴിയാതെ –
***ഞാൻ ദുഃഖിച്ചു.***



# അണിയറയിൽ















# നിനദിതം

















# കണ്ണുവേണമിരുപുറമെപ്പോഴും

ഈ കുഞ്ഞുപുല്ലിന്
വേനലിനെ
അതിജീവിക്കാനാകുമോ ?
കൊന്നമരമേ,
വെയിലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണയുന്നപണി
അതിനെ പഠിപ്പിക്കണേ
ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ......
അല്ലെന്നാൽ
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
**പച്ചയ്ക്ക് തിന്നുകളയും !**

# നീർമിഴിമുത്ത്

മഴവില്ലിൻ ചന്തം ചാലിച്ചൊരാ–
മിഴിനീർകണം
മിഴിണാത്തുമ്പിൽ ഒരു നിമിഷം തങ്ങി
തിളക്കം മങ്ങിയ മിഴിയിലേക്ക് തിരിഞ്ഞൊന്നു നോക്കി
ഇല്ല–ഇനിയൊന്നും ബാക്കിയി–
ല്ലവിടെ തിരിയാൻ
ഒഴുകാൻ കാത്ത്
ഒരായിരം സ്ഫടിക കണങ്ങൾ
തിരിച്ചു പോകേണ്ടിനി പുറപ്പെട്ടതല്ലോ
ഇനിയൊഴുകുമൊരു നീർച്ചാലായ്
ഒരു മഞ്ഞിൻ തുള്ളിയുടെ
നനുത്ത സ്പർശമായി
ഒഴുകുക........ഒഴുകുക.......
ഒഴുകുമിടമെല്ലാം കുളിർപ്പിക്കുക
കാമനകളാൽ താളമിട്ട്,
പ്രണയ സ്വപ്നങ്ങളുടെ
ശ്രുതിയിലലിയിച്ച് പാടിയ
കണ്ഠത്തിലൂടെ
ഭഗ്ന സ്വപ്നങ്ങൾ കിടന്ന്
നീറിപ്പുകഞ്ഞ്
ചുടലകളമായൊരു നെഞ്ചിലൂടെ



## നിനദിതം

ഒഴുകുക......ഒഴുകുക
മിഴിർക്കണമെ

ഒഴുകുമിടമെല്ലാം കുളിർപ്പിക്കുക
ശ്രുതിലയ താളങ്ങൾ നിലച്ചൊരാ
ഹ്രദയതന്ത്രികളിലീടെ
ഒഴുകിയൊഴുകിയതിൽ
പുതിയൊരു രാഗം മീട്ടുക
ദുഃഖത്തിന്റെ തീച്ചൂളയിൽ നിന്നും
ഉരുക്കിയെടുത്ത് വിട്ടതെങ്കിലും
നീയൊഴുകുക......ഒഴുകുക
കരിഞ്ഞുണങ്ങിയ കാമവും
വരണ്ടുപോയ കാതരമോഹങ്ങളും
ഇരുളണഞ്ഞ് മൂടിയ കിനാക്കളും
എല്ലാം കുളിർക്കട്ടെ,തളിർക്കട്ടെ
പുതിയൊരുഷസ്സിൽ
പൊൻകിരണമായ്
പെയ്തിറങ്ങുക നീറിപകയും കരളിനെ
കുളിരാൽ മൂടാൻ
**നിനക്കല്ലാതെ മറ്റാർക്കുമാവില്ലല്ലോ....**





# അമ്മതൻ സാന്ത്വനം

ഏതുസമുദ്രം ഞാൻ മഷിയാക്കി എഴുതുമെ
ന്നമ്മതൻ സ്നേഹത്തെ വർണ്ണിച്ച തീർക്കുവാൻ
എന്തു ഞാൻ നൽകേണ്ടൂ........ എന്നമ്മേ
ഇന്നോളം നീട്ടിയതിനെല്ലാം പകരമായ് .....
അന്നു ഞാൻ കരയുമ്പോൾ,മാറോട്
ചേർത്തനിക്കമിഞ്ഞപ്പാലിന്റെ മധുരം പകർന്നതും
കൊഞ്ചിച്ചിരിക്കുമ്പോൾ കുഞ്ഞിളം കവിളിലായ്
ചുംബനമുത്തുകൾ മെല്ലെ പൊഴിച്ചതും,ഓർമ്മയായ്
എൻ ജീവശ്വാസത്തിൽ സാന്ത്വനമേകി
വിസ്മയം ത്തുകിയിരുന്നൊരാം ബാല്യത്തിൽ
ചൂടേറ്റ പിടയുന്ന മനസ്സിന്റെ മരുഭൂവിൽ
ആർദ്രമായ് പൊഴിയുന്ന മഴയാണ്
എന്നമ്മ
എൻ വളർച്ചയിൽ താങ്ങായി തണലായ്
എൻ ജീവയാത്രയിലെന്നാശ്വാസമായ്
നിഗൂഢതകളിൽ പ്രകാശമായ് എന്നുമെൻ
കാവലായ് വർണ്ണം വിരിയിച്ച വാൽസല്യ മഴവില്ല്
ജീവനുമാൽമാവും പുൽകി പുണരുന്ന
മറക്കാൻ മറക്കുന്നോരോർമ്മയാണെന്നമ്മ
അമ്മതൻ മടിത്തട്ടിലാശ്വാസമായ്
അമ്മതൻ കരങ്ങൾ താലോലമായി ഞാൻ വളർന്നു
നെഞ്ചിലെ വീർപ്പിനെ മധുരമായ് മാറ്റിയും
ഇന്നലെകളിൽ തിരയുന്ന ഓരോ നീർത്തുള്ളിയും
സാക്ഷിയായ്........



## നിനദിതം

ഇന്നിന്റെയാൽമാവിനൊരു തീർത്ഥമായ്
എൻ ഹൃദയത്തെ തൊട്ടുണർത്തി എന്നമ്മ
മറവിതൻ മാറിൽ ഒളിപ്പിക്കാനാവാത്ത
**മായത്ത ചിത്രമാണെന്നമ്മതൻ സ്നേഹം**



# മടിയൻ

ഒറീസയിലെ ഗ്രാമത്തിൽ പാവപ്പെട്ട ഒരു ബ്രാഹ്മണനുണ്ടായിരുന്നു. ഭിക്ഷയെടുത്തു കിട്ടുന്നതുകൊണ്ടായിരുന്നു അയാളും അമ്മയും ജീവിച്ചിരുന്നത്.

ഒരു ദിവസം അയാൾക്ക് ഒരു സ്ഥലത്തു നിന്നും ഭിക്ഷലഭിച്ചില്ല. ധാരാളം അലഞ്ഞു തളർന്ന് അവശനായി അയാൾ ഒരു തടാകത്തിന്റെ കരയിൽ എത്തി. തടാകത്തിൽ നിന്ന് കുറെ വെള്ളം കോരിക്കുടിച്ച് ക്ഷീണം മാറ്റാൻ അയാൾ അതിലേക്കിറങ്ങി.

അയാളുടെ മനസ്സു മുഴുവൻ ഭക്ഷണത്തെ കുറിച്ചുള്ള ചിന്തയായിരുന്നു. അതുകൊണ്ട് ഓരോ കുമ്പിൾ വെള്ളവും കുടിക്കുമ്പോൾ അയാൾ പലതരത്തിലുള്ള ഭക്ഷണം കഴിക്കുന്നതായി സങ്കല്പിച്ചു.

"ഹായ് നല്ല പാൽപായസം!"

അടുത്ത കുമ്പിൾ വെള്ളം കുടിച്ചതു മധുരപലഹാരങ്ങൾ കഴിക്കുകയാണെന്ന സങ്കല്പത്തിലായിരുന്നു.അങ്ങനെ ഓരോ ഭക്ഷണവും സങ്കല്പിച്ചുകൊണ്ട് അയാൾ വെള്ളം കുടിച്ചു കൊണ്ടിരിന്നു.

ആ തടാകത്തിലായിരുന്നു ഗംഗാദേവി താമസിച്ചിരുന്നത്.ദേവിക്ക് അയാളുടെ അവസ്ഥ കണ്ട് വളരെ സഹതാപം തോന്നി. ഒരു തളികയിൽ

രുചികരമായ ഭക്ഷണങ്ങൾ നിരത്തി മറ്റൊരു പാത്രംകൊണ്ട് അടച്ച് അയാളുടെ അരികിലേക്ക് ദേവി ഒഴുകി വിട്ടു.

ഒഴുകി വന്ന പാത്രമെടുത്തു തുറന്നു നോക്കിയ ബ്രാഹ്മണൻ അത്ഭുതപ്പെട്ടുപോയി. അയാൾ അന്നേവരെ കഴിച്ചിട്ടില്ലാത്ത ഭക്ഷണങ്ങൾ! അയാൾ അതുമായി സന്തോഷത്തോടെ വീട്ടിലേക്ക് ഓടി.അയാളും അമ്മയും വേണ്ടുവോളം ഭക്ഷണം കഴിച്ചു.

പിന്നീട് അതൊരു പതിവായി.ബ്രാഹ്മണൻ തടാകക്കരയിൽ ചെന്നിരുന്ന് ഓരോ ഭക്ഷണത്തെക്കുറിച്ച് സങ്കല്പിച്ച് വെള്ളം കുടിക്കും.ഗംഗാമാതാവ് ഭക്ഷണം പാത്രത്തിലാക്കി അയാളുടെ അരികിലേക്ക് ഒഴുക്കിക്കൊടുക്കും.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ബ്രാഹ്മണനും അമ്മയും ഒരു ജോലിയും ചെയ്യാതായി.മഹാമടിയരായി മാറി.അവർ അങ്ങനെ ജീവിക്കുന്നതു ശരിയല്ലെന്നു ഗംഗാമാതാവിനു തോന്നി.അവരെ ഒരു പാഠം പഠിപ്പിക്കാൻ ഗംഗാമാതാവു തീരുമാനിച്ചു.

അടുത്ത ദിവസം ബ്രാഹ്മണൻ വന്നു വെള്ളം കുടിച്ചപ്പോൾ പതിവു പോലെ ഒരു പാത്രം ഒഴുകി വന്നു. അയാൾ അതുമായി വീട്ടിൽ ചെന്നു. ഭക്ഷണം കഴിക്കാനുള്ള സന്തോഷത്തിൽ പാത്രം തുറന്നതും അതിൽനിന്ന് പുറത്തു വന്നത് അടിയും തൊഴിയുമായിരുന്നു. അടികൊണ്ട് അവർ

അവശരായി. ഒടുവിൽ അവർ ഒരുവിധം പാത്രം മൂടിവച്ചു. അതോടെ അടിയും നിന്നും. അവർ ആ പാത്രം പുറത്തു കൊണ്ടിട്ടു.

തങ്ങളുടെ മടിപിടിച്ച ജീവിതത്തിനു കിട്ടിയ ശിക്ഷയാണിതെന്ന് അവർക്ക് മനസ്സിലായി. ഇനിമുതൽ അധ്വാനിച്ചു ജീവിക്കുമെന്നു അവർ തീരുമാനിച്ചു.

അന്നുരാത്രി രണ്ടു കള്ളന്മാർ അവിടെ വന്നു. വീട്ടിനു പുറത്തു അടച്ചു വച്ചിരിക്കുന്ന പാത്രം കണ്ടപ്പോൾ അവർക്ക് ഒരു കൗതുകം തോന്നി. അവർ അതു തുറന്നു നോക്കി.

പിന്നെ ഒട്ടും താമസിച്ചില്ല. അടിയുടെ ഒരുമേളം തന്നെ അവിടെ നടന്നു.എന്താണു സംഭവിക്കുന്നതെന്ന് കള്ളന്മാർക്കു മനസ്സിലായില്ല. അവർ മോഷ്ടിച്ചു കൊണ്ടു വന്ന സാധനങ്ങൾ അവിടെ ഉപേക്ഷിച്ചിട്ട് ജീവനുംകൊണ്ട് ഓടി. പാത്രം അടയ്ക്കാത്തതുകൊണ്ട് അടിയും അവരോടൊപ്പം ചെന്നു.

പിറ്റെന്ന് ഉറക്കമുണർന്ന് പുറത്തു വന്ന ബ്രാഹ്മണൻ കണ്ടത് സ്വർണാഭരണം നിറച്ച ചാക്കുകെട്ടുകളായിരുന്നു. അവർ അത് രാജാവിനെ ഏല്പ്പിച്ചു. അവരുടെ സത്യസന്ധതയിൽ സന്തോഷവാനായ രാജാവ് ആഭരണങ്ങൾ അവർക്കുതന്നെ നൽകി. ശേഷിച്ച കാലം അവർ സന്തോഷത്തോടെ ജീവിച്ചു.


# കാർട്ടൂൺ









Be Serene . Live
United .
Gloriya
VIII A


OUR FOREST


JUNGLE VIEW






Be Quick to Obey.
Gloriya
Austin

# നമ്മുടെ കുട്ടികൾ അതിവേഗമാണോ വളരുന്നത് ?

നമ്മുടെ കുട്ടികൾ അതിവേഗമാണോ വളരുന്നത് ? പ്രായത്തിന് ആവശ്യമായതിനെക്കാൾ കൂടുതൽ കാര്യങ്ങൾ നാം അവരെ പഠിപ്പിക്കുന്നുണ്ടോ? പലരെയും അലട്ടുന്ന ചോദ്യങ്ങളാണ് ഇവ. കുട്ടികൾ പ്രായത്തെക്കാൾ സ്മാർട്ടാണെന്നും അവർ അതിവേഗമാണ് വളരുന്നതെന്നും പല മാതാപിതാക്കളും ഞാൻ ഉൾപ്പെടെയുള്ളവർ പറയാറുണ്ട്. ഒരുവശത്ത്, കുട്ടികൾ എങ്ങനെയാണ് ഇത്രവേഗം വളരുന്നതെന്ന് വിലപിക്കുകയും മറുവശത്ത് അവസരങ്ങൾ എന്ന പേരിൽ പലവിധ പ്രവർത്തനങ്ങൾ കുട്ടികളുടെ ചുമലിൽ വെച്ചുകൊടുക്കുകയുമാണ് നാം പലപ്പോഴും ചെയ്യുന്നത്. കുട്ടികൾക്ക് വേണ്ടിയെന്ന് അവകാശപ്പെടുന്ന റിയാലിറ്റി ഷോകളെ കുറിച്ച് ആലോചിച്ച് ഞാൻ പലപ്പോഴും അത്ഭുതപ്പെടാറുണ്ട്.. എന്തുകൊണ്ടാവും ഇവയിലേക്ക് മാതാപിതാക്കൾ കുട്ടികളെ അയക്കുന്നത് ? തീരെ ചെറിയപ്രായത്തിൽ തന്നെ ഒട്ടേറെ അപമാനങ്ങൾക്കും മത്സരങ്ങൾക്കും ഇടയിലൂടെ കടന്നുപോകാൻ അനുവദിക്കുന്നത് ? നിങ്ങൾ കണ്ടിട്ടില്ലേ, ചെറിയകുട്ടികൾ അവർക്ക് ഒട്ടും

യോജിക്കാത്ത ഗാനങ്ങൾ പാടുന്നതും ചുവടുവെക്കുന്നതും.

നമ്മൾ മാതാപിതാക്കൾ കുട്ടികളുടെ ജീവിതത്തെ പരിധിയിൽ കൂടുതൽ ക്രമപ്പെടുത്താൻ ശ്രമിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പാകതയും വിവേകവും മെച്ചപ്പെട്ട പെരുമാറ്റവും നാം അവരിൽ നിന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വപ്നങ്ങൾ കുട്ടികളിലൂടെ യാഥാർഥ്യമാക്കാൻ ശ്രമിക്കുകയും നമ്മുടെ ഭയത്തെയും അരക്ഷിതാവസ്ഥയെയും കുട്ടികളിലേക്ക് കൈമാറാൻ ശ്രമിക്കുകയും ചെയ്യുന്നു.കുട്ടിയുടെ പ്രായത്തിനനുസരിച്ചാണ് നാം ഇത് ചെയ്യുന്നതെങ്കിൽ പലമടങ്ങാണ് അതിൻെറ ഗുണം.മുൻകാലത്തിൽ നിന്ന് വ്യത്യസ്തമായി കലാകയികരംഗത്തും പഠനരംഗത്തും മികവു പലർത്തുന്നതിന് ഇന്ന് വളരെ അധികം പ്രാധാന്യം കൽപ്പിക്കപ്പെടുന്നുണ്ട്. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകിയിലെങ്കിൽ കുട്ടികൾ പിന്നിലായി പ്പോയാലോ എന്ന് ഭയക്കുന്ന നിരവധി മാതാപിതാക്കൾ ഉണ്ട്. തുടർന്ന് മാതാപിതാക്കൾ കുട്ടികളെ വിവിധ പരിശീലന ക്ലാസുകളിലേക്ക് അയക്കുന്നു.അതോടെ കുട്ടികളുടെ കളിക്കാനുള്ള സമയത്തിൻെറ വലിയൊരു പങ്കും കുട്ടികളായിരിക്കാനുള്ള  അവസരവും അവർക്ക് നഷ്ടമാകുന്നു. മുതിർന്നവരുടെ മത്സരാധിഷഠിതലോകം

കുഞ്ഞുങ്ങളുടെബാല്യകാലത്തിലേക്ക്
അധിനിവേശനം നടത്തിയിരിക്കുകയാണ് .
കുട്ടികളുടെ ജീവിതത്തിൻെറ ക്രമപ്പെടുത്തലുകൾ
കാണുമ്പോൾ മനസ്സിലാക്കും വലിയ
സമ്മർദ്ദത്തിലൂടെയാണ് അവർ കടന്നുപോകുന്നത്.
മുതിർന്നവരുടെതിന് സമാനമായ ഉത്തരവാദിത്വം
കുട്ടികൾ കാണിക്കണമെന്നാണ് മാതാപിതാക്കൾ
പ്രതീക്ഷിക്കുന്നത്. ഒരേ സമയം ഒട്ടേറെ കാര്യങ്ങൾ
ചെയ്യുന്നതും സമയം പുലർത്തുന്നതിനുമെക്കെ
കുട്ടികൾക്ക് സാധിക്കണ മെന്നാണ്
മാതാപിതാക്കൾ വിശ്വസിക്കുന്നതും പ്രതീക്ഷ
വച്ച്പുലർത്തുന്നതും.

മറ്റൊരുഘടകം 24–
മണിക്കൂറും പ്രവത്തിക്കുന്ന ടെലിവിഷൻ ആണ് .
നെഗറ്റീവ് ആയതും ഉദ്വേഗജനമായതും
ഭയപ്പെടുത്തുന്നതുമായ സംഭവവികാസങ്ങളെ ഇവ
കുട്ടികളുടെ മുന്നിലേക്ക് എത്തിക്കുന്നു.ഇവയെ
എങ്ങനെ കൈകാര്യം ചെയ്യണമെന്ന്
നിശ്ചയിക്കകാനുള്ള പ്രായം പോലുമില്ലാത്ത
കുട്ടികളുടെ മുന്നിലക്കാണിവ എത്തുന്നത്.
ഉദാഹരണത്തിന് ഈയടുത്ത് കേരളത്തിലുണ്ടായ
പ്രളയം തന്നെയെടുക്കുക. അതിൻെറ വാർത്തകൾ
കുട്ടികളെ ഭയപ്പെടുകയേ ഉള്ളൂ.അവരിൽ
സമ്മർദ്ദത്തിൻെറ ഒരു പടികൂടി വർധിക്കും.
കാണുമ്പോൾ മുതിർന്നവർക്കു പോലെ

ബുദ്ധിമുട്ടുണ്ടാകുന്നവയാണ് ആ കാഴ്ചകൾ എന്നാലും അവയെ കൈകാര്യം ചെയ്യാൻ നമ്മുക്കു സാധിക്കും. എന്നാൽ കൊച്ചുകുട്ടികൾക്ക് ഇത് സാധിക്കില്ല.

സ്ക്കൂൾ വിടുന്നതിനുശേഷം ഒറ്റയ്ക്ക് വീട്ടിലിരിക്കേണ്ടി വരുന്ന കുട്ടികളുടെ എണ്ണത്തിൽ വർധനയുണ്ടാകു വെന്നതാണ് മറ്റൊരുകാര്യം. കുട്ടികൾ സ്ക്കൂൾ വിട്ട് മടങ്ങിയെത്തുന്നത് ശൂന്യമായ വിടുകളിലെക്കാണ്. ഒരു തലമുറ മുമ്പ് വരെ സ്ക്കൂൾ വിട്ടുതിരികെ എത്തുന്ന കുട്ടികൾ ഒറ്റയ്ക്കായിരുന്നില്ല. രക്ഷകർത്താക്കളും ബന്ധുക്കളും അയൽക്കാരുമൊക്കെ അവർക്ക് ചുറ്റിനുമുണ്ടായിരുന്നു. എന്നാൽ  ഇന്ന് ഭൂരിഭാഗം മാതാപിതാക്കളും ജോലിരക്ക്  പോകുന്നതില ഇത് സാധ്യമാകുന്നില്ല. ഒരു പക്ഷേ , നിങ്ങൾ ചോദിച്ചേക്കാം , പത്തുവയസ്സുള്ള പതിനെഴ് വയസ്സുകാരന്റെ ,കരിയുടെത്ത പ്പോലെ പെരുമാറുകയോ ജീവിക്കുകയോ ചെയ്യ്താൽ എന്താണ് കുഴപ്പം എന്ന് കുട്ടികൾ വളരുന്നതിൽ അധിവേഗം പടില്ല   എന്നതിന് ഒട്ടേറെ കാരണങ്ങൾ ഉണ്ട് .ആദ്യത്തെതും പരപ്രദാനമായതും ഇതാണ് –പക്വതയുള്ളവരാകാനും തെറ്റും ശരിയും വിവേചിച്ചറിയാനും കുട്ടികൾക്ക് മതിയായസമയം നൽകുന്നത് ബാല്യകാലമാണ്.

## നിനദിതം

മതിയായബാല്യകാലം ലഭിക്കാത്ത പക്ഷം പ്രാധാന്യമുള്ള ബന്ധങ്ങളെക്കുറിച്ചും ജീവിതമൂല്യങ്ങളെയും ക്കുറിച്ച് പഠിക്കാൻ കുട്ടികൾക്ക് സമയം ലഭിക്കാതെ വരും.

സമപ്രായക്കാരോടൊപ്പം സമയം ചെലഴിക്കാൻ അവസരം കിട്ടുന്നുഎന്നതാണ് ബാല്യകാലത്തിൻെറ വലിയൊരുമെൻമ.ഏറെപ്രാധന്യമുള്ള കാര്യമാണിത്. കുട്ടികൾക്ക് അവരവരെ ക്കുറിച്ച് പഠിക്കാനും സ്വാതന്ത്യമായി തീരുമാനമെടുക്കാനും ക്രിയാത്മകതയുള്ളവരാകാനും ഇത് അവരെ സഹായിക്കും. മാത്രമല്ല,പരസ്പര ബഹുമാനംമുള്ളവരും മറ്റുള്ളവർക്കൊപ്പം എങ്ങനെ പ്രവർത്തിക്കണമെന്ന ധാരണയുള്ളവരുമാക്കിയും

**ഇത് കുട്ടികളെ മാറ്റും.**



# കടപ്പാട്


കടപ്പാട്
ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ല ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ഫ്രൻസിസ് മാഷിനും പ്രിൻസി ടീച്ചർക്കും ഒരായിരം നന്ദി.....................
എഡിറ്റർ

# നന്ദി

